THE STATE ELECTRICITY OMBUDSMAN
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

അപ്പീൽ പരാതി നമ്പർ: P/053/2026

(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)

തീയതി: 25-11-2026

പരാതിക്കാരൻ : ശ്രീമതി. സിൻഡ,
W/o കുഞ്ഞുമൊയ്തീൻ,
തെപ്പറമ്പിൽ വീട്,
ലോകമല്ലേശ്വരം, കൊടുങ്ങല്ലൂർ,
തൃശ്ശൂർ ജില്ല - 680664

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്,
കൊടുങ്ങല്ലൂർ, തൃശ്ശൂർ ജില്ല -

ഉത്തരവ്

പരാതിയുടെ പശ്ചാത്തലം

പരാതിക്കാരിയായ ശ്രീമതി. സിൻഡ ലൈസൻസിയായ **KSEBL** -ന്റെ ഒരു ഗാർഹിക ഉപഭോക്താവാണ്. ലൈസൻസിയുടെ കൊടുങ്ങല്ലൂർ - II സെക്ഷന്റെ കീഴിൽ **Consumer no. 1156649017193** ആയ കണക്ഷന്റെ **connected load 6.23kW** ഉം താരിഫ് **LT.1A** യുമാണ്. പരാതിക്കാരി **29/05/2026**-ൽ **7kW Solar Plant** സ്ഥാപിക്കുന്നതിന് വേണ്ടി അപേക്ഷ നൽകുകയുണ്ടായി. പ്രസ്തുത കണക്ഷൻ **St. Joseph Convent Road transformer** -ൽ നിന്നാണ് നൽകിയിട്ടുള്ളത്. **Transformer**-നു കപ്പാസിറ്റി ഇല്ല എന്ന കാരണത്താൽ പരാതിക്കാരിയുടെ അപേക്ഷ തള്ളുകയുണ്ടായി. എന്നാൽ **transformer**-നു കപ്പാസിറ്റി ഉണ്ടായിരുന്നിട്ടും **feasibility** നൽകിയില്ല എന്നതാണ് ആക്ഷേപം. **feasibility** യുടെ കാലാവധി തീർന്ന രണ്ട് അപേക്ഷകർ ഉണ്ടായിരുന്നതിനാൽ അവർക്ക് പുതുക്കി നൽക്കേണ്ടതുണ്ട് എന്നതിനാൽ ഇതിനു **feasibility** നൽകാൻ

കഴിഞ്ഞില്ല എന്നതാണ് എതിർകക്ഷി അറിയിച്ചത്. ലൈസൻസിയുടെ തലത്തിൽ പരാതി പരിഹരിക്കപ്പെടാത്തതിനാൽ **CGRF** -ൽ പരാതി നൽകിയത് **OP/34/26-27** ആയി ഫയലിൽ സ്വീകരിക്കുകയും നടപടികൾ പൂർത്തിയാക്കി **CGRF -20/07/2026**-ൽ ഉത്തരവിറക്കുകയും ചെയ്തു. **CGRF**-ന്റെ ഉത്തരവിന്മേലുള്ള അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

പരാതിക്കാരന്റെ വാദം

ഞാൻ കൊടുങ്ങല്ലൂർ **KSEB** സെക്ഷൻ **No. 2 (5664)** ഓഫീസിന് കീഴിലുള്ള ഒരു ഉപഭോക്താവാണ്. വീട്ടിൽ സോളാർ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിലേക്കായി ട്രാൻസ്ഫോർമർ ഫീസിബിലിറ്റി ലഭ്യമാക്കുന്നതിന് കൊടുങ്ങല്ലൂർ **KSEB** ഓഫീസിൽ പോവുകയും, **Feasibility** ലഭ്യത ഉള്ളതുകൊണ്ട് അന്നേ ദിവസം തന്നെ **1000** രൂപ ഫീസ് അടയ്ക്കുകയും ചെയ്തു. **7 KW** ഫീസിബിലിറ്റി ലഭ്യമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പറയുകയും ചെയ്തിരുന്നു. രണ്ടു ദിവസം കഴിഞ്ഞ് **KSEB** ഓഫീസിൽ പോയി **Feasibility Certificate** ആവശ്യപ്പെട്ടപ്പോൾ, നിങ്ങളുടെ അപേക്ഷ അനുവദിക്കാൻ കഴിയില്ലെന്നും, ഇതിനുമുമ്പ് ഫീസിബിലിറ്റി കാലഹരണപ്പെട്ട **(Expire** ആയ) വ്യക്തികൾക്കാണ് ഇവിടെ ഫീസിബിലിറ്റി അനുവദിക്കുകയെന്നും സബ് എഞ്ചിനീയർ പറയുകയുണ്ടായി.

Kerala State Electricity Regulatory Commission Renewable Energy & Net Metering Regulation 2020-ലെ വകുപ്പുകളായ **2.5.9 (Procedure For Grant Of Connectivity), 2.5.25 (The Timelines Of Various Activities), Annexure - 5,** കൂടാതെ **14-05-2026**-ലെ സർക്കുലർ **(No. Solar Projects/PMSG/2026-27/ Ref: KSERC Renewable Energy And Net Metering Regulation 2020 And Its Amendments)** എന്നീ നിയമങ്ങൾ പ്രകാരം ഫീസിബിലിറ്റി **30** ദിവസത്തിനകം രജിസ്റ്റർ ചെയ്തില്ലെങ്കിൽ പ്രസ്തുത ഫീസിബിലിറ്റി അസാധുവാകുമെന്നും മുൻഗണന നഷ്ടപ്പെടുമെന്നും വ്യക്തമാണ്. എന്നിട്ടും, ഫീസിബിലിറ്റി **30** ദിവസത്തിനകം രജിസ്റ്റർ ചെയ്യാതെ കാലഹരണപ്പെട്ടവർക്കാണ് ഫീസിബിലിറ്റി അനുവദിക്കുക എന്നാണ് കൊടുങ്ങല്ലൂർ **KSEB** ലെ ഉദ്യോഗസ്ഥർ പറയുന്നത്.

ഫീസിബിലിറ്റി അനുവദിക്കാത്തതിനെ തുടർന്ന് ഞാൻ കളമശ്ശേരിയിലെ **Consumer Grievance Redressal Forum (CGRF)** നെ സമീപിച്ചു. ആദ്യം ബഹുമാനപ്പെട്ട **CGRF** ഈ പരാതി തീർപ്പാക്കുന്നതിന് കൊടുങ്ങല്ലൂർ **KSEB** യിലെ **IGRC** യിലേക്ക് അയക്കുകയുണ്ടായി. എന്നാൽ കൊടുങ്ങല്ലൂരിൽ നടന്ന **IGRC** യുടെ തീരുമാനം തൃപ്തികരമല്ലാത്തതിനാൽ ഞാൻ വീണ്ടും ബഹുമാനപ്പെട്ട **CGRF** നെ തന്നെ സമീപിച്ചു. പ്രസ്തുത പരാതിയിൽ **CGRF** എല്ലാ നിയമവശങ്ങളും

പരിശോധിക്കുകയും കൊടുങ്ങല്ലൂർ **IGRC** യുടെ തീരുമാനം റദ്ദാക്കുകയും ചെയ്തു. കൂടാതെ, കാലാവധി കഴിഞ്ഞ ഫീസിബിലിറ്റികൾ പുതുക്കി നൽകാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്ന് വ്യക്തമാക്കുകയും, അത്തരം അപേക്ഷകൾക്ക് മുൻഗണന നൽകാതെ എന്റെ അപേക്ഷ വീണ്ടും പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട **CGRF** നിർദ്ദേശിക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട **CGRF** ഉത്തരവ് എനിക്ക് അനുകൂലമാണ്. കൊടുങ്ങല്ലൂർ **KSEB** തടസ്സമായി പറഞ്ഞിരുന്ന, മറ്റു രണ്ടു അപേക്ഷകരുടെ കാലാവധി കഴിഞ്ഞ ഫീസിബിലിറ്റികളുടെ ആനുകൂല്യം ഈ ഉത്തരവിലൂടെ **CGRF** പൂർണ്ണമായി റദ്ദാക്കിയിട്ടുണ്ട്. അതിനാൽ **KSERC Regulations 2020** അനുസരിച്ച് എന്റെ ഫീസിബിലിറ്റിക്കുള്ള അപേക്ഷയാണ് മുൻനിരയിൽ വരുന്നത്. ബഹുമാനപ്പെട്ട **CGRF** ന്റെ വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും നിർദ്ദിഷ്ട സോളാർ ഫീസിബിലിറ്റി അനുവദിക്കാൻ കൊടുങ്ങല്ലൂർ **KSEB** തയ്യാറായിട്ടില്ല. ഇത് **CGRF** വിധിയുടെ വ്യക്തമായ ലംഘനമാണ്.

2003 ലെ **Electricity Act Section 42(5)** പ്രകാരം ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാൻ വേണ്ടി രൂപീകരിച്ച നിയമപരമായ സംവിധാനമാണ് **Consumer Grievance Redressal Forum** അഥവാ **CGRF.** ബഹുമാനപ്പെട്ട **CGRF** ൽ നിന്നും എനിക്ക് അനുകൂല വിധി വന്നിട്ടും കൊടുങ്ങല്ലൂർ **KSEB** അത് നിർദ്ദിഷ്ട സമയത്തിനുള്ളിൽ നടപ്പിലാക്കാതിരിക്കുന്നത് **2003**-ലെ **Electricity Act** പ്രകാരം ഈ സംവിധാനം രൂപീകരിച്ചതിന്റെ ലക്ഷ്യത്തെത്തന്നെ ചോദ്യം ചെയ്യുന്നതായ നടപടിയാണ്.

കൊടുങ്ങല്ലൂർ **KSEB** സെക്ഷൻ **No. 2 (5664)** എൻ്റെ ഫീസിബിലിറ്റി അനുവദിക്കാതെ കാലതാമസം വരുത്തുന്നതിനാൽ എനിക്ക് കടുത്ത സാമ്പത്തിക നഷ്ടവും മാനസിക ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. അപേക്ഷ നൽകിയ തീയതിയിൽ ആവശ്യമായ ട്രാൻസ്ഫോർമർ ഫീസിബിലിറ്റി ലഭ്യമായിരുന്നതിനാലും നിയമപ്രകാരം മറ്റ് സാധുവായ അപേക്ഷകൾ ഒന്നും നിലവിൽ ഇല്ലാതിരുന്നതിനാലും എനിക്ക് **7 KW** സോളാർ ഫീസിബിലിറ്റി ലഭിക്കാൻ നിയമപരമായ അവകാശമുണ്ട്. **CGRF** ഉത്തരവ് പ്രകാരം വിധി എനിക്ക് അനുകൂലമാണെങ്കിലും കൊടുങ്ങല്ലൂർ **KSEB** പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്തത് മൂലമാണ് ഞാൻ ഈ പരാതി ബഹുമാനപ്പെട്ട **State Electricity Ombudsman** അവർകൾക്ക് സമർപ്പിക്കുന്നത്.

മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ, ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ അവർകൾ താഴെ പറയുന്ന വിഷയങ്ങളിൽ അനുകൂലമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു: കൊടുങ്ങല്ലൂർ **KSEB** എനിക്ക് സോളാർ ഫീസിബിലിറ്റി അനുവദിക്കുന്നതിൽ കാലതാമസം വരുത്തുന്നത്

മൂലം കടുത്ത സാമ്പത്തിക നഷ്ടവും മാനസിക ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. അതിനാൽ ഞാൻ സമർപ്പിച്ച സോളാർ ഫീസിബിലിറ്റി അപേക്ഷയിന്മേൽ ഇനിയും കാലതാമസം വരുത്താതെ **7 KW** സോളാർ ഫീസിബിലിറ്റി അനുമതി അടിയന്തരമായി നൽകാൻ കൊടുങ്ങല്ലൂർ **KSEB** യോട് നിർദ്ദേശിക്കണം.

എനിക്ക് സോളാർ ഫീസിബിലിറ്റി അനുവദിക്കുകയാണെങ്കിൽ കൊടുങ്ങല്ലൂർ **KSEB** ഉദ്യോഗസ്ഥർ എന്നോട് പ്രതികാര മനോഭാവത്തോടെ പെരുമാറുമോ എന്നൊരു ഭയം എനിക്കുണ്ട്. സോളാർ നിലയം സ്ഥാപിക്കുന്നതിന് ധാരാളം രേഖകൾ **KSEB** യിൽ സമർപ്പിക്കേണ്ടതുണ്ട്. ആ രേഖകളിൽ എന്തെങ്കിലുമൊക്കെ കാരണം പറഞ്ഞ് പ്രസ്തുത രേഖകൾ സ്വീകരിക്കാതെ കാലതാമസം വരുത്തി എന്നെ ബുദ്ധിമുട്ടിക്കാൻ **KSEB** യിലെ ഉദ്യോഗസ്ഥർക്ക് സാധിക്കും. കൂടാതെ, സോളാർ നിലയം സ്ഥാപിച്ചുകഴിഞ്ഞ ശേഷം **KSEB** ഒരു **Net Meter** കൊണ്ടുവന്ന് സ്ഥാപിച്ചാൽ മാത്രമേ നിലയം പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങുകയുള്ളൂ. പ്രസ്തുത **Net Meter** കൊണ്ടുവന്ന് ഘടിപ്പിക്കാതെ "മീറ്റർ ലഭ്യമല്ല" എന്ന കാരണം പറഞ്ഞ് കാലങ്ങളോളം വൈകിപ്പിക്കാൻ **KSEB** ലെ ഉദ്യോഗസ്ഥർക്ക് സാധിക്കും. ഇത്തരം കാര്യങ്ങൾക്ക് ഇടം നൽകാതിരിക്കാൻ ആവശ്യമായ കർശന നിർദ്ദേശങ്ങൾ കൂടി ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ അവർകൾ ഉത്തരവിൽ നൽകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

എതിർകക്ഷിയുടെ വാദം

It is submitted that the Petitioner is an LT consumer under Electrical Section, No.II Kodungallur having a three phase connection with consumer no.1156649017193 and sanctioned connected load of 6236 Watts under LT-1A Tariff. The petitioner submitted an application for 7 kW feasibility under the St. Joseph Convent Road Transformer on 29.05.2026. The available capacity under this transformer is only 7 kW.Before receiving the application of the petitioner, the other two consumers had applied for new feasibility on the expiry of the sanctioned feasibility. The other two applicants are Sri. Salim K.M. (Consumer No. 1156649017931), Karukapadath House, Kodungallur and Sri. K.A. Antony (Consumer No. 1156648021512), Kachappilly House, Kodungallur.

Sri. K.A. Antony submitted the applications for new solar feasibility for 5kW on 22.05.2026, as he is knowing that their sanctioned feasibility is going to expire. The solar feasibility was issued to Sri. K.A.Antony only for 3kW instead of 5 kW on 22.05.2026. This is due to a data-entry error happened from the section office. This matter came to know only at the time of registration. Sri. Salim K.M. (Consumer No. 1156649017931), Karukapadath House, Kodungallur applied for new solar feasibility for 5kW on 26.5.2026,as he is knowing that their sanctioned feasibility is going to expire. The Sub Engineer

in charge was engaged in field duties at the time of submission of the application and was therefore unable to process the application of the petitioner immediately. The following two days (27.05.2026 and 28.05.2026) were holidays. For issueing new solar feasibility existing feasibility has to be canceled in the "orumanet" software. This is to be one by Assistant Engineer(in this case Sub Engineer in Charge). When Sri.Salim's application was attended for collection of the feasibility application fee for 5 kW on 29.5.2026, it was observed that the existing feasibility of Sri. Salim K.M was automatically aborted by the system on 29.05.2026 at 05:05:08 AM .It was also observed that another application fee had already been remitted on the same morning by a vendor representative for Smt. Sinda (Consumer No. 1156649017193) through another Sub Engineer Sri. Pramod P.A, subject to a written condition that feasibility would be issued only after processing all previous applications. Hence the application of Sri. Salim K.M. was kept pending for the collection of the feasibility application fee.

As disputes have arisen regarding the issuance of feasibility based on the date of application submission and the priority of physical/Orumanet remittance, the applicants are not willing to accept the resolution suggested by the office of the Assistant Engineer, Electrical section No.II Kodungallur. Hence the three applications were kept pending for the issuance of the feasibility.Considering the above situation and as per the direction of the Executive Engineer, Electrical Division, Kodungallur, a hearing was conducted under IGRC subdivision level on 19.06.2026. There were three applications pending for the issuance of feasibility under the 100 kVA St. Joseph Convent Road Transformer. From the verification of the details and documents, it was found that the solar plant has been installed as per the feasibility granted to Sri. Salim and Sri. Antony on 27.4.2026 and 22.4.2026 respectively and confirmed that the application for renewal of feasibility has been submitted by Sri. Salim and Sri. Antony on 26.5.2026 and 22.5.2026 respectively. The feasibility cannot be considered granted to Smt.sinda simply by paying the application fee. Based on the above facts, IGRC subdivision level officer has issued an order to renew the 5 kW solar feasibility on the application of Mr. Salim and to renew the solar feasibility from 3 kW to 5 kW on the application of Mr. Antony.

Meanwhile Smt. Sinda filed a petition vide OP No.34/2026-27 before the Hon'ble Consumer Grievance Redressal Forum. The Hon'ble Consumer Grievance Redressal Forum, Ernakulam conducted a hearing on 13/07/2026 and issued an order vide Order No. CGRF-CR/OP No.34/2026-27 dtd. 22/07/2026. The Forum issued the following orders :-

1) The order of the Subdivision Level Internal Grievance Redressal Committee (IGRC), Kodungallur, is hereby set aside.
2) The respondent shall reconsider the petitioner's application for solar feasibility strictly in accordance with the KSERC (Renewable Energy and Net Metering) Regulations, 2020, without treating any expired feasibility as valid or renewable as the same is not specifically permitted under the Regulations.

3) While reconsidering the matter, the respondent shall determine the priority only on the basis of valid applications submitted in accordance with the Regulations, after verifying compliance with the prescribed procedure and payment of the prescribed application fee. Thus priority shall be accorded only from the date of absolute completion of an application including payment.

4) The respondent shall pass a speaking order and communicate the decision to the petitioner with intimation to this Forum within 15 days from the date of receipt of this order.

5) The petition is disposed of accordingly.

6) No cost ordered.

The Forum found that KSERC (Renewable Energy and Net Metering) Regulations, 2020 does not provide for renewal or re validation of an expired feasibility and once the validity period expires, the feasibility becomes invalid. The Forum orders that while reconsidering the matter, the respondent shall determine the priority only on the basis of valid applications submitted in accordance with the Regulations, after verifying compliance with the prescribed procedure and payment of the prescribed application fee. Thus priority shall be accorded only from the date of absolute completion of an application including payment. As per the forum's order, when the matter is reconsidered, priority can be given to Mr. Antony and Mrs. Sinda. Antony gets additional solar feasibility 2kw (total 5kW) and Sinda will get the remaining 5kW. Meanwhile Sri. Salim K.M. filed a petition vide OP No.49/2026-27 before the Hon'ble Consumer Grievance Redressal Forum to reexamine the order vide Order No. CGRF-CR/OP No.34/2026-27 dtd. 22/07/2026.Sri. K.A. Antony also approached the Hon'ble Consumer Grievance Redressal Forum. Hence the order of the Hon'ble CGRF was not implemented.

Now the feasibility has been issued to these three applicants on 15.09.2026 after enhancing the 100kVA St. Joseph Convent Road Transformer to 160kVA. Copy of the feasibility certificate issued to Smt. Sinda is attached herewith. All three customers have submitted written statements withdrawing their complaints. The applicant has not yet submitted the documents required for registration. If the net meter is provided to the consumer, the solar connection can be granted after completing the registration and installing the solar plant. If the consumer opts for the KSEBL net meter, the solar connection can be provided on a priority basis only after the KSEBL net meter becomes available.

It is also submitted that based on the facts and evidences, the averments of the consumer in the above petition neither have any merit nor are sustainable. This Hon'ble Authority may be pleased to dismiss the above petition.

പരാതിക്കാരന്റെ എതിർവാദം

മേൽ സൂചിപ്പിച്ച വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊടുങ്ങല്ലൂർ **KSEB (Section - 2. 5664)** ഓഫീസിൽ സമർപ്പിച്ച **7 KW** സോളാർ ഫീസിബിലിറ്റി അപേക്ഷയുമായി ബന്ധപ്പെട്ട് **CGRF** ഉത്തരവ് നടപ്പിലാക്കാത്ത

തിനെ തുടർന്ന് ഞാൻ സമർപ്പിച്ച അപ്പീൽ ഹർജിയിൽ **(Representation No: 053/2026)** നടപടികൾ സ്വീകരിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു. പ്രസ്തുത അപ്പീൽ ഹർജിയുടെയും അവിടുത്തെ ഔദ്യോഗിക ഇടപെടലിന്റെയും അടിസ്ഥാനത്തിൽ, കൊടുങ്ങല്ലൂർ **KSEB** ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നിന്നും എനിക്ക് **7 KW** സോളാർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകിയിട്ടുണ്ട്.

എന്നിരുന്നാലും, സോളാർ പ്ലാന്റ് സ്ഥാപിക്കൽ, പ്ലാന്റിന്റെ ടെസ്റ്റിംഗ്, **KSEB** - യുമായി കരാറിൽ ഏർപ്പെടൽ, റെഗുലേഷൻ പ്രകാരമുള്ള നെറ്റ് മീറ്റർ **(Net Meter)** ഇൻസ്റ്റാളേഷൻ, പ്ലാന്റ് ഔദ്യോഗികമായി കമ്മീഷൻ ചെയ്യൽ **(Commissioning)** എന്നീ തുടർന്നുള്ള നിയമപരമായ നടപടികൾ അനാവശ്യ തടസ്സങ്ങളില്ലാതെ സമയബന്ധിതമായി പൂർത്തിയാകേണ്ടതുണ്ട്. ആയതിനാൽ, എന്റെ സോളാർ പ്ലാന്റിന്റെ ഇൻസ്റ്റാളേഷൻ പൂർത്തിയായി സിസ്റ്റം പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതുവരെ മേൽ സൂചിപ്പിച്ച **Representation No: P053/2026** നമ്പർ അപ്പീൽ ഹർജി ഓംബുഡ്സ്മാൻ മുൻപാകെ നിലനിർത്തണമെന്നും, കമ്മീഷനിംഗ് നടപടികൾ തടസ്സമില്ലാതെ പൂർത്തിയാക്കാൻ **KSEB** കൊടുങ്ങല്ലൂർ സബ് ഡിവിഷൻ ഓഫീസിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യത്തിലേക്ക് കൂടി അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. എന്റെ ഗാർഹിക സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഞാൻ ആദ്യം മുതൽ തന്നെ **10 KW** ശേഷിക്കാണ് അപേക്ഷ നൽകിയിരുന്നത്. എന്നാൽ **2026** മെയ് മാസം **29-**ാം തീയതി, **10 KW** ഫീസിബിലിറ്റി ലഭ്യമല്ലെന്നും **7 KW** മാത്രമേ ട്രാൻസ്ഫോർമറിൽ ശേഷിക്കുന്നുള്ളൂ എന്നും അറിയിക്കുകയും, തുടർന്ന് **KSEB (**കൊടുങ്ങല്ലൂർ സെക്ഷൻ**-2)** എനിക്ക് **7 KW** ഫീസിബിലിറ്റിക്ക് ഫീസ് അടയ്ക്കാൻ അനുവാദം നൽകുകയും ചെയ്തു. പിന്നീട് **15-09-2026**-ൽ **KSEB** എനിക്ക് **7 KW**-ന് ഫീസിബിലിറ്റി അനുവദിച്ച് തരികയുണ്ടായി. എന്നാൽ ഫീസിബിലിറ്റി **10 KW** ആയി മാറ്റിത്തരണമെന്ന് ഞാൻ ബഹുമാനപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചുവെങ്കിലും, വിഷയം കേസിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ **7 KW** മാത്രമേ അനുവദിച്ച് തരികയുള്ളൂ എന്നാണ് ബഹുമാനപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്.

St. Joseph Convent Road -ലെ ട്രാൻസ്ഫോർമർ കപ്പാസിറ്റി **100 KVA**-യിൽ നിന്നും **160 KVA** ആയി ശേഷി വർദ്ധിപ്പിച്ചതിനാലും, പ്രസ്തുത ട്രാൻസ്ഫോർമറിൽ ആവശ്യത്തിന് സോളാർ ഫീസിബിലിറ്റി നിലവിൽ ലഭ്യമായതിനാലും എന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് **10 KW** ആയി പുനർനിർണ്ണയിച്ച് **(Revised/**

Enhanced Feasibility Certificate) അനുവദിച്ച് നൽകണമെന്ന് ഞാൻ കൊടുങ്ങല്ലൂർ **KSEB Section- 2 (5664)** - ലെ അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അത് അനുവദിച്ച് തന്നില്ല.

പ്രസ്തുത **7** കിലോവാട്ട് ഫീസിബിലിറ്റി വർദ്ധിപ്പിച്ച് **10** കിലോവാട്ട് ആക്കി മാറ്റി നൽകുന്നതിൽ കൊടുങ്ങല്ലൂർ **KSEB Section - 2** - ലെ അസിസ്റ്റന്റ് എഞ്ചിനീയർ പറഞ്ഞ പ്രകാരം യഥാർത്ഥത്തിൽ എന്തെങ്കിലും നിയമതടസ്സങ്ങൾ ഉണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്തി നൽകണമെന്നും, അർഹമാണെങ്കിൽ **10 KW** ഫീസിബിലിറ്റി അനുവദിച്ച് നൽകാൻ ഉത്തരവുണ്ടാകണമെന്നും ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ അവർകളോട് ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **09-11-2026**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഡി.എച്ച്.റോഡ് എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരിയായ ശ്രീമതി. സിൻഡ യ്ക്കുവേണ്ടി പ്രതിനിധിയായ ഷെമീർ .യു.കെ എതിർ കക്ഷിയായ ശ്രീമതി. പ്രിയ .എ.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ എന്നിവരാണ് പങ്കെടുത്തത്.

ഗാർഹിക ഉപഭോക്താവായ പരാതിക്കാരി **7kWp Solar Plant** സ്ഥാപിക്കുന്നതിന് വേണ്ടി ലൈസൻസിയുടെ **Section** ഓഫീസിൽ അപേക്ഷ നൽകുകയുണ്ടായി. പരാതിക്കാരിയുടെ കണക്ഷൻ **100kW** ശേഷിയുള്ള ട്രാൻസ്ഫോർമറിൽ നിന്നാണെന്നും, അതിൽ അനുവദനീയമായ കപ്പാസിറ്റിയിൽ **solar plant** കൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞതിനാൽ **feasibility** നിരസിക്കുകയുമാണുണ്ടായത്. എന്നാൽ ഇതേ ട്രാൻസ്ഫോർമറിന്റെ കീഴിൽ വരുന്ന രണ്ട് ഉപഭോക്താക്കൾക്ക് നൽകിയിരുന്ന **feasibility** യുടെ കാലാവധിയായ ഒരു മാസം കഴിഞ്ഞിരുന്നു എന്നും അതിനാൽ അവ സ്വമേധയാ റദ്ദാക്കപ്പെടുന്നതാണെന്നും കാണുന്നു. **KSERC (Renewable Energy & Net Metering) Regulation -2020** പ്രകാരം കാലാവധി കഴിഞ്ഞ **feasibility** കൾക്ക് പുതുക്കി നൽകാനുള്ള നടപടിയെക്കുറിച്ച് പറഞ്ഞിട്ടില്ല. കാലാവധി കഴിഞ്ഞാൽ വീണ്ടും പുതിയ അപേക്ഷ നൽകുകയാണെങ്കിൽ മാത്രമേ വീണ്ടും **feasibility** ലഭിക്കുകയുള്ളു. അതിനാൽ തന്നെ പുതിയ അപേക്ഷ ശരിയായ രീതിയിൽ നൽകുന്ന തീയതി മുതൽ മാത്രമേ മുൻഗണന ലഭിക്കുകയുള്ളൂ. **KSERC (Renewable Energy & Net Metering) Regulation -2020, Clause18**-ലും **19**-ലും അത് വ്യക്തമാക്കിയിരിക്കുന്നു.

18. Procedure for grant of feasibility certificate to the renewable energy system to be connected with the distribution system.

(1) *Any eligible consumer who proposes to install a renewable energy system in his premises shall apply in the form in Annexure-A to the local office of the distribution licensee, to issue feasibility certificate to connect the renewable energy system to the distribution system of the licensee along with the application fee as specified in the Schedule to these Regulations:*

(2) *The licensee shall acknowledge the receipt of the application form and register the applications immediately and shall process the application in the chronological order of its receipt.*

(4) *On receipt of the application form for the feasibility certificate to connect the renewable energy system to the grid, the distribution licensee shall undertake technical feasibility within 15 days of the date of receipt of the application and intimate the applicant the feasibility or otherwise as the case may be.*

(5) *While intimating the feasibility for connecting the renewable energy system, the distribution licensee shall furnish to the applicant; (i) the details of documents to be submitted by the applicant along with the scheme for installation of renewable energy system to the distribution system; (ii) the technical specifications as well as other particulars of the grid-tied inverter/equipment and manually operated isolating switch to be installed by the applicant; (iii) the technical specifications and other particulars of the Renewableenergy meter and Net meter.*

19. Procedure for grant of connectivity to the renewable energy system.-

(1) *The eligible consumer shall, within 30 days from the date of receipt of the intimation regarding feasibility and capacity of the RE system proposed to be connected to the distribution system, as specified in sub Regulations 18(4) and 18(5) above, submit a formal application in the format specified in Annexure-B for the registration of his scheme for installing the renewable energy system, along with the documents and technical specifications as stipulated in Regulation 18(5).*

(3) *The distribution licensee shall, on receipt of the fee amount as per the sub Regulation (2) above and on curing the defects, if any, noticed in the application and the documents submitted under sub Regulation (1) above;*

(i) *Register the scheme and assign a Registration number with in seven days of receipt of completed application in all respect.*

(ii) *The registration given under clause (i) above shall be valid for a period of one year from the date of registration, unless the validity period is extended by the distribution licensee under clause (iii) below.*

(iii) *The distribution licensee may on application from an eligible consumer, for good and sufficient reasons beyond the control of the applicant, extend the validity of registration for a period not exceeding another six months, if no other application for connectivity is pending for want of the distribution transformer capacity or the feeder capacity, as the case may be.*

(iv) *The distribution licensee may allot to other applicants, based on the date of their application seniority and in accordance with the provisions of these Regulations, such capacity for connectivity of renewable energy system, if the eligible consumer whose scheme has been registered does not avail the connectivity within the period of validity of registration. Provided that, the registration fee remitted in such cases shall not be refundable.*

ഇതിൽ നിന്നും **feasibility report** കിട്ടി ഒരു മാഡിസത്തിനകം **register** ചെയ്തില്ലെങ്കിൽ ആ **feasibility** സ്വമേധയാ **cancel** ആകുന്നു.

അങ്ങനെ നോക്കുമ്പോൾ **feasibility report** ന്റെ കാലാവധി കഴിഞ്ഞ രണ്ട് അപേക്ഷകളും പുതുതായി അപേക്ഷിക്കാത്തതിനാൽ പരാതിക്കാരിയ്ക്ക് **feasibility** കൊടുക്കേണ്ടതായിരുന്നു. അത് **CGRF** നു ബോധ്യപ്പെടുകയും അത് പ്രകാരം ഉത്തരവിറക്കുകയും ചെയ്തു.

എന്നാൽ **15/09/2026** ൽ ലൈസൻസി സ്വമേധയാ ട്രാൻസ്ഫോർമറിന്റെ ശേഷി **100kVA** യിൽ നിന്നും **160kVA** ആയി ഉയർത്തുകയുണ്ടായി. **100kVA** ട്രാൻസ്ഫോർമർ മാറ്റി **160kVA** ട്രാൻസ്ഫോർമർ സ്ഥാപിച്ചതുവഴിയാണ് ഇത് സാധ്യമായത്. അങ്ങനെ **15/09/2026** ൽ തന്നെ പരാതിക്കാരിയ്ക്ക് **7kW Solar plant** സ്ഥാപിക്കാനുള്ള **feasibility report** നൽകുകയുണ്ടായി. എന്നാൽ പരാതിക്കാരി **10kW** ചോദിച്ചെങ്കിലും കിട്ടിയില്ല എന്ന പരാതിയുന്നയിച്ചിരുന്നുവെങ്കിലും അത് ഹിയറിങ്ങിൽ പിൻവലിക്കുകയാണെന്നറിയിച്ചു. **KSERC (Renewable Energy & Net Metering) Regulation -2020,** പ്രകാരം **connected load** ന്റെ അത്രയും കപ്പാസിറ്റിയുള്ള **Solar Plant** നു മാത്രമേ **Net Metering** സംവിധാനം ലഭിക്കുകയുള്ളു. അതിൽ കൂടുതലും ഉപഭോക്താവിന് **feasibilty** ഉണ്ടെങ്കിൽ സ്ഥാപിക്കാം, പക്ഷേ **Net Metering Facility** ലഭ്യമാകില്ല. അതിനാൽ പരാതിക്കാരി **10kW** വേണം എന്ന വാദം പിൻവലിക്കുകയാണെന്നറിയിച്ചു.

പരാതിക്കാരി അറിയിച്ചത് **Registration** പൂർത്തിയാക്കി **7kW solar plant** സ്ഥാപിച്ചു കഴിഞ്ഞുവെന്നും **completion report** നൽകാനുള്ള തയ്യറെടുപ്പിലും ആണെന്നുമാണ്. **3 Phase solar** മീറ്റർ ലൈസൻസിയുടെ **stock** - ൽ ലഭ്യമല്ലാത്തതിനാൽ അത് ഉപഭോക്താവ് വാങ്ങി **calibrate** ചെയ്ത് നല്കാൻ തയ്യാറാണെന്നും പരാതിക്കാരി അറിയിച്ചു.

പരാതിക്കാരി മറ്റൊരു സന്ദേഹം ഉന്നയിക്കുകയുണ്ടായി. പരാതിയുമായി **CGRF** -ലും ഓംബുഡ്സ്മാനെയും സമീപിച്ചതിനാൽ ഓരോരോ കാര്യങ്ങൾ ഉന്നയിച്ചു സെക്ഷനിൽ കണക്ഷൻ നല്കാൻ താമസിപ്പിക്കുമോ എന്നതാണത്. എന്നാൽ **solar Grid connectivity** സമയബന്ധിതമായി നൽകേണ്ടതാണെന്നു

റെഗുലേഷനിൽ വ്യക്തമാക്കുന്നു. **Regulation -2020 -**ലെ **Clause 19-**ൽ ഇത് വ്യക്തമാക്കുന്നു.

19. Procedure for grant of connectivity to the renewable energy system.-

> ***(4)*** *The applicant shall, within the period of validity of registration, procure the renewable energy system conforming to the technical specifications and get it installed by a licensed Electrical Contractor.*
>
> ***(5)*** *The eligible consumer shall obtain from the Electrical Inspector having jurisdiction over the area, necessary sanction for commissioning the renewable energy system, in accordance with the provisions of the Central Electricity Authority (Technical Standards for Connectivity of Distributed Generation Resources) Regulations, 2013 and produce the sanction to the distribution licensee.*
>
> ***(6)*** *The Electrical Inspector, shall undertake the inspection and safety checks, within 10 working days from the submission of the work completion report, and issue safety certificate.*
>
> ***(7)*** *The distribution licensee shall, within seven days from the date of submission of approval of the Electrical Inspector, test the renewable energy system in accordance with the provisions of the Central Electricity Authority (Technical Standards for Connectivity of Distributed Generation Resources) Regulations, 2013.*
>
> ***(8)*** *On successful completion of the test as specified in sub Regulation (7) above, the distribution licensee and the eligible consumer shall execute a connection agreement in the format containing the general and specific conditions, as approved by the Commission, in accordance with the provisions of the Central Electricity Authority (Technical Standards for Connectivity of the Distributed Generation Resources) Regulations, 2013.*
>
> ***(9)*** *The licensee shall, within seven days from the date of execution of the agreement as specified in Sub Regulation (8) above, connect the renewable energy system to the distribution system.*

Solar plant ന്റെ **connectivity agreemnet** ഒപ്പുവച്ചു നൽകി കഴിഞ്ഞു **7** ദിവസത്തിനകം **solar plant** നെ ഗ്രിഡുമായി ബന്ധിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കേണ്ടതാണെന്നു വിശദമാക്കിയിരിക്കുന്നു. അതിൽ കാലതാമസം വരുത്തിയാൽ ലൈസൻസി പിഴ നൽകേണ്ടതാണെന്നും **Regulation -** വ്യക്തമാക്കുന്നു.

തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയാൽ 7 ദിവസത്തിനകം ലൈസൻസി പരാതിക്കാരിയുടെ **solar plant** ഗ്രിഡുമായി **connect** ചെയ്യുന്ന നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

2) മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

P/053/2026 തീയതി: **25-11-2026**

അയക്കുന്നത്:

1. ശ്രീമതി. സിൻഡ, **W/o** കുഞ്ഞുമൊയ്തീൻ, തെപ്പറമ്പിൽ വീട്, ലോകമല്ലേശ്വരം, കൊടുങ്ങല്ലൂർ, തൃശ്ശൂർ ജില്ല - **680664.**
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ ജില്ല

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം **-10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം - **683503**